


എമ്മാവൂസ്
വചനദൂത്

# വിശ്വാസ സാക്ഷ്യത്തിന്റെ പുണ്യദിനം

ഫാ. ഫിലിപ്പ് കുമ്പക്കാട്ട് MCBS

Vol. 10, Issue 01

ഒരു വലിയ വിശ്വാസപ്രഘോഷണത്തിന്റെ പുണ്യദിനം. വീരോചിതമായ ഒരു രക്തസാക്ഷിത്വത്തെ അനുസ്മരിക്കുന്ന ദിവസം. പരിശുദ്ധാരൂപിയുടെ നിറവിൽ വിശ്വാസത്തിന്റെ സമൃദ്ധിയുമായി അയയ്ക്കപ്പെട്ട ദിദിമോസിനെക്കുറിച്ചുള്ള ഓർമ്മയാണ് ദുക്റാന.

അലയാഴികൾ താണ്ടി, തിരമാലകൾ ഭേദിച്ച് എ.ഡി. 52-ൽ ചേര-ചോള-പാണ്ഡ്യരാജ്യങ്ങളിലെ സുഗന്ധവ്യഞ്ജന തുറമുഖപട്ടണമായിരുന്ന കൊടുങ്ങല്ലൂരിൽ മാർതോമാ കപ്പലിറങ്ങി. ഓംകാരത്തിന്റെ പൊരുൾ തേടിയിരുന്ന ആർഷഭാരത സംസ്കൃതിയുടെ വിശ്വാസ സംഹിതകൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും നടുവിലേയ്ക്ക് കടന്നുവന്ന ശിഷ്യനായിരുന്നു തോമസ്.

അസതോമാ സത്ഗമയാ
തമസോമാ ജ്യോതിർഗമയാ
മൃതോർമാ അമൃതംഗമയാ - അസത്യത്തിന്റെ നടുവിലെ ഏകസത്യമായി, അന്ധകാരത്തിന്റെ നടുവിലെ ഏകപ്രകാശമായി, മരണത്തിനു മുമ്പിൽ അനശ്വരതയുടെ- അമർത്യതയുടെ അനന്തപ്രവാഹമായി "ഞാനാണ് വഴിയും സത്യവും ജീവനും" എന്നരുളിയവന്റെ ശബ്ദവും ശക്തിയുമായി കടന്നുവന്ന ഈ വിശുദ്ധനെക്കുറിച്ച് വി. എഫ്രേം പറയുന്നു; "പന്ത്രണ്ടു പേരിൽ ഒരുവനായ പ്രകാശമേ, കുരിശിൽ നിന്ന് ഇറ്റുവീണ തൈലത്താൽ ഭാരതഭൂവിനെ നീ പ്രകാശപൂരിതമാക്കിയിരിക്കുന്നു."

ദിവ്യഗുരുവിന്റെ പഞ്ചക്ഷതങ്ങളിൽ മനമർപ്പിച്ച് അഭിഷേകം കൊണ്ട് കരളുറപ്പ് നേടി അന്യമായ ഭാഷ-വേഷസംസ്കാരങ്ങൾക്കും മതവിശ്വാസങ്ങൾക്കും നടുവിലേയ്ക്ക് പാദമൂന്നിയ ഈ അപ്പസ്തോലൻ വിശ്വാസ വെളിച്ചത്തിലേയ്ക്ക് നമ്മെ വഴിനടത്തി. ഇന്ന് ദുക്റാന തിരുനാൾ ആഘോഷിക്കുമ്പോൾ ആ വലിയ വിശുദ്ധൻ പകർന്നുതന്ന വിശ്വാസവഴിയിലൂടെയാണോ ഞാൻ സഞ്ചരിക്കുന്നത് എന്ന് ധ്യാനിക്കാനുള്ള ദിവസമാണ്.

വിശുദ്ധ ഗ്രന്ഥത്തിൽ യോഹന്നാൻ സുവിശേഷകനാണ് ഈ അപ്പസ്തോലനെക്കുറിച്ചുള്ള വിവരണം നൽകുന്നത്. ഈശോയുടെ വചനപ്രഘോഷണ ദൗത്യത്തിനു മുന്നിൽ കല്ലെറിയാൻ നിൽക്കുന്നവർ, പിടിച്ചുകെട്ടാൻ വട്ടം കൂടുന്നവർ, തലയെടുക്കാൻ തന്ത്രങ്ങൾ മെനയുന്നവർ ഒന്നും ഇശോയ്ക്ക് പ്രതി

ബന്ധമല്ല എങ്കിലും, തന്റെ ദൗത്യവാഹകരായ ശിഷ്യഗണത്തിന്റെ കണ്ണുകളിലേയ്ക്ക് ഈശോ ഒന്ന് പാളിനോക്കിയിരിക്കണം. മറ്റുള്ളവർ തന്നെക്കുറിച്ച് എന്തു പറയുന്നുവെന്ന് ചിന്തിക്കുന്നില്ല. തന്റെ മാറിലെ ചൂടും ചൂരും ഏറ്റുവാങ്ങിയ ശിഷ്യരുടെ മനസ്സറിയാൻ അവൻ ആഗ്രഹിക്കുന്നു. എല്ലാവരും ഭാവിയുടെ വരുംവരായ്കകളിൽ ദൃഷ്ടിയൂന്നി നിൽക്കുമ്പോൾ, ഗനേസറത്ത് തടാകത്തിന്റെ ഓളപ്പരപ്പിൽ മീൻപിടിച്ചു നടന്നവൻ – തന്റെ ജീവിതമാകുന്ന കുരിശും വഹിച്ചു കൊണ്ട് ഗുരുവിനെ അനുഗമിച്ചവൻ ഉറക്കെ പ്രഖ്യാപിക്കുകയാണ്: ''മരിക്കേണ്ടി വന്നാലും ഗുരുവിനോടൊപ്പം.'' ''ജീവിതം എനിക്ക് ക്രിസ്തുവും മരണം നേട്ടവുമാണ്'' എന്ന് വി. പൗലോസ് തിരിച്ചറിയുന്നതിനു മുമ്പുതന്നെ ആ സത്യത്തിന്റെ ആവിഷ്ക്കാരം തോമാശ്ലീഹായിൽ നാം ദർശിക്കുന്നുണ്ട്.

പ്രിയമുള്ളവരെ, ക്രിസ്തുവിന്റെ വഴിയിലൂടെ സഞ്ചരിക്കാൻ ആഗ്രഹിച്ചവനാണ് വി. തോമസ്. അതുകൊണ്ടാണ് പിതാവിന്റെ പക്കലേയ്ക്ക് പോകാമെന്നു പറഞ്ഞ ക്രിസ്തുവിന്റെ മുഖത്തുനോക്കി നിശബ്ദതയെ ഭേദിച്ച് അവൻ ചോദിച്ചത്: ''കർത്താവേ, നീ എവിടേയ്ക്ക് പോകുന്നു എന്നറിയില്ല; പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും'' (യോഹ. 14:5).

വീണ്ടും നാം തോമസിനെ കണ്ടുമുട്ടുന്നത് യോഹന്നാന്റെ സുവിശേഷം 20-ാം അധ്യായത്തിലാണ്. കൂട്ടുകാരൊക്കെ കരുതലോടെ കതകടച്ചിരുന്നപ്പോൾ, തോമസ് ഗുരുവിനെ തേടി ഇടവഴികളിലും പാതയോരങ്ങളിലും അലഞ്ഞതുകൊണ്ടാവണം കൂട്ടുകാരോടൊപ്പം അവനില്ലാതെ പോയത്. കാണണമെന്ന് വാശിപിടിച്ചവന് ഗുരു നൽകുന്ന സമ്മാനം, തിരുമുറിവുകളുടെ ചുംബനമാണ്. ''എന്റെ കർത്താവേ, എന്റെ ദൈവമേ'' എന്ന വിളി ക്രിസ്തുവുമായുള്ള ഹൃദയബന്ധത്തിന്റെ ആഴം അറിയിക്കുന്നതായിരുന്നു.

സ്നേഹമുള്ളവരെ, കടലെടുക്കാത്ത വിശ്വാസതീക്ഷ്ണതയുമായി കറുത്ത പൊന്നിന്റെ നാട്ടിൽ കടൽക്കരയിൽ തോമസ് കാലുകുത്തിയത്, എ.ഡി. 72-ൽ മൈലാപ്പൂരിലെ ചിന്നമലയിൽ ഒരു കൽക്കുരിശിന്റെ ചുവട്ടിൽ കുന്തം കൊണ്ട് കുത്തിമുറിവേൽപ്പിക്കപ്പെട്ട് രക്തസാക്ഷി മകുടം ചൂടിയ ഭാരത അപ്പസ്തോലന്റെ ഹൃദയരക്തത്തുള്ളികൾ ചിതറിത്തെറിച്ചു വീണത്, ഭാരതത്തിന്റെ വിശാലമായ വയലേലകളിലായിരുന്നു. ഭാരതത്തിന്റെ ആത്മാവിൽ ആ ജീവിതം ലയിച്ചു. ആർഷഭാരത സംസ്കൃതിയുടെ മടിത്തട്ടിൽ പൂത്തുലഞ്ഞ ആ പൂമരം അനേകർക്ക് വിശ്വാസത്തിന്റെ പ്രകാശഗോപുരമായിത്തീർന്നു.

ക്രിസ്തുശിഷ്യന്റെ ഘാതകവൃന്ദം ഇന്നും അവസരങ്ങൾ പാർത്ത് ഇരുളിന്റെ മറവിൽ നിൽക്കുന്നു. ചതിയുടെ വാരിക്കുഴികളും, കാപട്യത്തിന്റെ കൊളോസിയങ്ങളും ഒരുക്കി ക്രിസ്തുശിഷ്യന്റെ ജീവന് വിലയിടുമ്പോൾ ഈ വിശുദ്ധന്റെ കാലടികൾ നമുക്ക് പിന്തുടരാം. ഉറഞ്ഞുതുള്ളുന്ന ജാതിക്കോമരങ്ങൾ ആർഷഭാരതത്തിന്റെ സംസ്കാരത്തിന് ചിതയൊരുക്കുമ്പോൾ നമ്മുടെ വിശ്വാസ സാക്ഷ്യത്തിലൂടെ ഒരു പ്രതിസംസ്കാരം രൂപപ്പെടുത്തണം. വിശ്വാസം സംരക്ഷിക്കാൻ ജീവൻ പോലും ഹോമിക്കുന്ന വിശ്വാസികൾ ഈ കാലഘട്ടത്തിലും ഉണ്ടെന്നുള്ളത് ക്രൈസ്തവരായ നമുക്ക് അഭിമാനിക്കാം. സ്വയം പരിത്യജിച്ച് കുരിശും വഹിച്ചുകൊണ്ട് കാൽവരി വഴിയിൽ അണിനിരക്കാം.

കാലങ്ങൾക്കുമുമ്പേ പറന്ന് വിശ്വാസവെളിച്ചം പകർന്ന ആ കർമ്മയോഗിയുടെ കാലടികളെ നമുക്ക് പിന്തുടരാം. വിശ്വാസതീക്ഷ്ണതയാൽ ഈ കാലഘട്ടത്തെ നമുക്ക് പ്രകാശിപ്പിക്കാം.

ഒരിക്കൽ കൂടി ദുക്റാന തിരുനാളിന്റെ ആശംസകൾ നേരുന്നു.